നം .314/സി1/17/REGS

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ്
പദ്ധതി സംസ്ഥാന മിഷൻ, സ്വരാജ് ഭവൻ,
നന്തൻകോട്, തിരുവനന്തപുരം
തീയതി: 31/12/2020

## സർക്കുലർ

വിഷയം : മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (കേരളം) – പദ്ധതിയിലെ കരാർ ജീവനക്കാരുടെ നിയമനത്തിൽ സംവരണതത്വം പാലിക്കുന്നത് – ഭേദഗതി വരുത്തി ഉത്തരവാകുന്നത്– സംബന്ധിച്ച്

സൂചന: 1) 20.02.2017 ലെ സർക്കാർ ഉത്തരവ് നമ്പർ (കൈ)41/2017/തസ്വഭവ
2). മിഷൻ ഡയറക്ടറുടെ 11.12.2019 ലെ ഈ ഓഫീസിലെ ഇതേ നമ്പർ സർക്കുലർ
3) 28/12/2020 ലെ 210/ ഡി ഡി 2/2020/തസ്വഭവ നമ്പർ സർക്കാർ സർക്കുലർ
4) 23.07.2020 ലെ തൃശ്ശൂർ ഐ.റ്റി.പിയുടെ നിവേദനം

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ പദ്ധതിയിൽ ഗ്രാമ–ബ്ലോക്ക്–ജില്ലാ തലങ്ങളിലെ കരാർ നിയമനങ്ങളിൽ സംവരണം പാലിക്കുവാൻ ഉത്തരവായിട്ടുള്ളതാണ് . ആകെയുള്ള തസ്തികകളുടെ8% തസ്തിക SC വിഭാഗത്തിനും 2% തസ്തിക ST വിഭാഗത്തിനും സംവരണം ചെയ്യാനും മേല്പറഞ്ഞ പ്രകാരം സംവരണം ചെയ്യപ്പെട്ടിട്ടുള്ള തസ്തികകളിൽ സംവരണ വിഭാഗത്തിൽപ്പെട്ട വേണ്ടത്ര ആളുകൾ ഇല്ലെങ്കിൽ ആ കുറവു നികത്തുന്നതിന് SC/ST ജനസംഖ്യയുടെ അടിസ്ഥാനത്തിൽ സംവരണം ചെയ്യപ്പെടേണ്ട തസ്തികകൾ നിർണ്ണയിക്കുന്നതിനും ഉത്തരവായിട്ടുണ്ട്. ആയതിൻറെ അടിസ്ഥാനത്തിൽ സൂചന (2) പ്രകാരം മിഷൻ ഡയറക്ടർ ഗ്രാമ–ബ്ലോക്ക്–ജില്ലാതലങ്ങളിലെ സംവരണ തസ്തികകൾ നിർണ്ണയിച്ച് ഉത്തരവായിട്ടുള്ളതുമാണ്.

പട്ടികജാതി/ വർഗ്ഗ വിഭാഗങ്ങൾക്കുവേണ്ടി സംവരണം ചെയ്യപ്പെട്ട തസ്തികകളിൽ നിലവിൽ ജോലി ചെയ്യുന്നത് സംവരണം ചെയ്യപ്പെട്ട വിഭാഗത്തിലെ ജീവനക്കാരൻ അല്ലാത്തപക്ഷം ടി തസ്തികയിൽ ഭാവിയിൽ സ്വാഭാവിക ഒഴിവു വരുന്ന മുറയ്ക്ക് (നിലവിൽ ഒഴിവുണ്ടെങ്കിലോ, നിലവിലുള്ളയാളുടെ കരാർ പുതുക്കാതെ ഒഴിവാകപ്പെടുന്ന ഘട്ടത്തിലോ) ക്രമപ്രകാരം സംവരണം ചെയ്യപ്പെട്ട വിഭാഗത്തിലെ ഉദ്യോഗാർത്ഥിയെ നിയമിക്കുവാനാണ് മിഷൻ ഡയറക്ടറുടെ സൂചന (2) സർക്കുലർ വ്യവസ്ഥ ചെയ്തിട്ടുള്ളത്. എന്നാൽ സൂചന (3) പ്രകാരം ചുവടെ പറയും പ്രകാരം സർക്കാർ സ്പഷ്ടീകരണം നൽകി ഉത്തരവായിട്ടുണ്ട്.

a) നിലവിൽ സംവരണ തസ്തികകളിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ കരാർ കാലാവധി കഴിയുന്ന മുറയ്ക്ക്. ടി തസ്തികകളിൽ അതാത് സംവരണ വിഭാഗത്തിൽ നിന്നുള്ളവരെ മാത്രം നിയമിക്കാൻ എല്ലാ തദ്ദേശ സ്ഥാപനങ്ങളും ശ്രദ്ധിക്കേണ്ടതാണ്.

b) സംവരണ വിഭാഗക്കാരുടെ അഭാവത്തിൽ സംവരണ തസ്തികകളിൽ ഇതര വിഭാഗക്കാരെ നിയമിക്കേണ്ടി വന്നാൽ ടിയാരെ രണ്ട് വർഷകരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിന് പകരം താൽക്കാലിക നിയമനം മാത്രം നല്കി ടി തസ്തിക സംവരണ വിഭാഗക്കാരുടെ നിയമനത്തിനായി ഒഴിച്ചിടേണ്ടതാണ്.

മേൽ വിവരം അടിയന്തിര ശ്രദ്ധ നൽകുന്നതിലേയ്ക്കായി അറിയിക്കുന്നു.

ജില്ലാതലത്തിൽ ഐ.റ്റി.പിമാരുടെ ഒരു തസ്തിക എസ്.റ്റി വിഭാഗത്തിനും (വയനാട്) മൂന്ന് തസ്തികകൾ എസ്.സി വിഭാഗത്തിനും (പാലക്കാട്, കൊല്ലം, തൃശ്ശൂർ) സംവരണം ചെയ്യുകയുണ്ടായി. എന്നാൽ 14 ഐ.റ്റി.പി തസ്തികകളിൽ നാല് തസ്തികകൾ സംവരണ വിഭാഗത്തിലേയ്ക്ക് മാറ്റിയ നടപടി ശരിയല്ലെന്ന് സൂചന (4) പ്രകാരം ചൂണ്ടികാണിച്ചിട്ടുണ്ട്. കൂടാതെ 2011 ലെ സെൻസസ് പ്രകാരം പാലക്കാട്, തിരുവനന്തപുരം, കൊല്ലം ജില്ലകളിലാണ് എസ്.സി ജനസംഖ്യ കൂടുതലായുള്ളതെന്നും ആയതിനാൽ പ്രസ്തുത ജില്ലകളിലെ തസ്തികകളാണ് സംവരണത്തിനായി നീക്കിവയ്ക്കേണ്ടതെന്നും ചൂണ്ടികാണിച്ചിട്ടുണ്ട്. പ്രസ്തുത പരാതിയിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ വസ്തുതാപരമാണെന്ന് പരിശോധനയിൽ ബോധ്യപ്പെട്ടിട്ടുണ്ട്. ജില്ലകളിൽ ഐ.റ്റി.പി, ഇ-എഫ്.എം.എസ് കമ്പ്യൂട്ടർ ഓപ്പറേറ്റർ, അക്കൌണ്ടൻറ് കം ഡാറ്റാ എൻട്രി ഓപ്പറേറ്റർ എന്നിങ്ങനെ 3 വിഭാഗങ്ങളിലായി ആകെ 40 തസ്തികകളുള്ളത് കണക്കിലെടുത്താണ് 4 തസ്തികകൾ സംവരണത്തിനായി നീക്കി വച്ചിട്ടുള്ളത്. ആയതിനാൽ സംവരണ നിയമനം ഇതിൽ ഏതെങ്കിലും ഒരു തസ്തികയിൽ ഉറപ്പുവരുത്തിയാൽ മതിയാകും. ആയതിൻറെ അടിസ്ഥാനത്തിൽ ചുവടെ പറയും പ്രകാരം സൂചന (2) സർക്കുലർ ഭേദഗതി വരുത്തി ഉത്തരവാകുന്നു.

| District | Reserved Post | No. of Post Reserved |
|---|---|---|
| Palakkad | ITP/eFMS Computer Operator/Accountant cum Data Entry Operator (any one post) | 1 |
| Thiruvananthapuram | ITP/eFMS Computer Operator/Accountant cum Data Entry Operator (any one post) | 1 |
| Kollam | ITP/eFMS Computer Operator/Accountant cum Data Entry Operator (any one post) | 1 |

മിഷൻ ഡയറക്ടർ

എല്ലാ ജോയിൻറ് പ്രോഗ്രാം കോർഡിനേറ്റർമാർക്കും